## ആമുഖം

2025-2026 അധ്യയന വർഷത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾകൊള്ളിച്ചു കൊണ്ട് തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ രൂപരേഖയാണിത് .

ഭാഷയ്ക്ക് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി , രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപകല്പന ചെയ്തിട്ടുള്ളത് .കുട്ടികളിലുണ്ടായിട്ടുള്ള പഠന വിടവുകൾ നികത്തുകയും പഠന പ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുകയും ചെയ്യുന്ന വിധത്തിലാണ് പഠന പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തിട്ടുള്ളത് .പഠന പ്രവർത്തനങ്ങളിൽ സ്വയം ഏറ്റെടുക്കുക എന്ന മനോഭാവം വളർത്തിയെടുക്കൽ ,സ്വയം വിലയിരുത്തൽ , പരസ്പര വിലയിരുത്തൽ ,വിദ്യാലയത്തെ വിലയിരുത്തൽ ,പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു .

## ചരിത്രം

തൊളിക്കോട് ഗ്രാമ പഞ്ചായത്തിലെ പുളിമൂട് എന്ന സ്ഥലത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത് .റോഡിൽ നിന്നും അല്പം ഉള്ളിലേക്ക് മാറി വളരെ ഏകാന്തമായ അന്തരീക്ഷമാണ് ഇവിടെ ഉള്ളത് .1973 നവംബർ മാസം ഒന്നാം തീയതി പ്രവർത്തനം ആരംഭിച്ച സ്കൂൾ തുടക്കം പുളിമൂട് ജംഗ്ഷനിൽ ഉള്ള വാടക കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത് .തുടർന്ന് സ്പോൺസറിംഗ് കമ്മിറ്റി വാങ്ങി നൽകിയ ഒന്നര ഏക്കർ സ്ഥലത്ത് താത്കാലിക ഷെഡ് കെട്ടി സ്കൂൾ അവിടേക്ക് മാറ്റുകയാണ് ഉണ്ടായത് .ആദ്യ പ്രഥമാധ്യാപകൻ ശ്രീ .കെ.ദാമോധരൻ നായർ ആയിരുന്നു .പെരിങ്ങാവിൽ മുഹമ്മദ് സാലി എന്നയാളുടെ പുത്രിയായ ഉമെയ്ബാൻ ആയിരുന്നു ആദ്യ വിദ്യാർത്ഥി .1985 ൽ ഈ സ്കൂൾ യു പി എസ്y ആയി അപ്ഗ്രേഡ് ചെയ്യുകയുണ്ടായി . ഇപ്പോൾ പ്രീ പ്രൈമറി മുതൽ ഏഴാം തരാം വരെ അധ്യയനം നടന്നു വരുന്നു . ഷാഹിന ബീവി ബി നാല്പത്തിയൊന്നാം പ്രഥമാധ്യാപികയായി 2025-2026 അധ്യയന വർഷത്തിൽ ചാർജ് എടുത്തിട്ടുണ്ട് .

## പൊതുലക്ഷ്യങ്ങൾ

- മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപിടിച്ച് ഗ്രാമീണാന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗത്തിനും ഉറപ്പു വരുത്തുക .

- അക്കാദമിക മികവിനായി പശ്ചാത്തല സൗകര്യം വർധിപ്പിക്കുക .

- അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഓരോ വിദ്യാർത്ഥിയെയും പ്രീ പ്രൈമറി താളം മുതൽ ഏഴാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ .

- അധ്യയനം സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ .

- വിവര സാങ്കേതിക വിദ്യകളുടെ സഹായത്തോടെ പഠനം കൂടുതൽ സജീവമാക്കൽ .

- അധ്യാപക ശാക്തീകരണ പരിപാടികൾ സങ്കടിപ്പിക്കൽ .

ലക്ഷ്യങ്ങൾ

ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേ അറ്റം ആസ്വാദ്യകരമാക്കൽ .

വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പാക്കാൻ ഉള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ .

ശുചിത്വം ,ആരോഗ്യബോധം ,ദീനാനുകമ്പ ,സാമൂഹ്യപ്രതിബദ്ധത തുടങ്ങിയ മൂല്യങ്ങളും മനോ ഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ .

പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ .

വിദ്യാർഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാ കായിക ,പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായ ഇടപെടുന്നതിനുള്ള സംവിധാനം ഒരുക്കൽ .

ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രം ചെയ്ത് നടപ്പാക്കൽ

വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും ,വിദ്യാർഥികളും അധ്യാപകരും തമ്മിലും ,അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കുന്നതിനുതകുന്ന പ്രവർത്തങ്ങൾ സംഘടിപ്പിക്കൽ .

ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റ് ആയി കണ്ട കൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കൽ

ഏഴാം ക്ലാസ് പൂർത്തിയാക്കുന്ന കുട്ടി

* മാതൃഭാഷ എഴുതാനും വായിക്കാനും ,സർഗാത്മക പ്രവർത്തങ്ങളിൽ ഏർപ്പെടാനുമുള്ള പൂർണ്ണമായ ശേഷി ആർജ്ജിക്കൽ

* ഇംഗ്ലീഷ് ഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് നേടൽ .

*ഗണിതത്തിൽ ചതുഷ്ക്രിയകൾ ,യുക്തി ചിന്ത പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ എന്നിവയിൽ പ്രാവീണ്യം നേടൽ .

*താൻ ജീവിക്കുന്ന സമൂഹത്തോട് തനിക്കുള്ള കടമകളെക്കുറിച്ച് ബോധവാനാകുന്നു .

*പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും പരിസ്ഥിതിയെ കാത്ത് സൂക്ഷിക്കാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുവാനും കുട്ടി പ്രാപ്തനാകുന്നു .

*ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ ക്ലാസും മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കൽ .

*ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെ സഹായത്തോടെ ഏറ്റെടുത്ത് നടത്തുകയും ലഹരി വിരുദ്ധ കൂട്ടായ്മ സംഘടിപ്പിക്കുകയും ചെയ്യൽ .

* മൊബൈൽ തുടങ്ങിയ നവ മാധ്യമങ്ങളുടെ ദുരുപയോഗം ,ദോഷ വശങ്ങൾ എന്നിവയെ കുറിച്ച് ബോധവൽക്കരണം നടത്തൽ

*ഉച്ചഭക്ഷണം പ്രാദേശിക വിഭവ സമാഹരണം നടത്തി പോഷക സമൃദ്ധവും വിഷ രഹിതവുമായ ആഹാരം കുട്ടികൾക്ക് ലഭ്യമാക്കൽ .

*GK പഠനം കാര്യക്ഷമമാക്കൽ .

*വായനയെ വളർത്തുന്ന പ്രവർത്തങ്ങൾ നടപ്പിലാക്കൽ .

*ഗ്രീൻ പ്രോട്ടോകോൾ കർശനമായി പാലിക്കൽ .

*ടെക്സ്റ്റ് ബുക്ക് ,യൂണിഫോം എന്നിവയുടെ വിതരണം സമയ ബന്ധിതമായി പൂർത്തിയാക്കൽ .

*സ്മാർട്ട് ക്ലാസ് റൂം പഠനം കാര്യക്ഷമമാക്കൽ .

*പ്രീ പ്രൈമറി വിദ്യാർത്ഥികളെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ വികസനത്തിലൂടെ പ്രൈമറി വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കൽ .

## പദ്ധതി രൂപീകരണ പ്രവർത്തനത്തിന്റെ വിവിധ ഘട്ടങ്ങൾ

- SRG മീറ്റിംഗിൽ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പൊതുലക്ഷ്യങ്ങളെ മുൻ നിർത്തി വിദ്യാലയത്തിന്റെ നിലവിലെ അവസ്ഥ ,ലക്ഷ്യങ്ങൾ ,പ്രവർത്തനങ്ങൾ ,നമ്മുടെ കാഴ്ചപ്പാട് എന്നിവയെക്കുറിച്ച് വിശദമായി ചർച്ച ചെയ്യൽ .
- SRG മീറ്റിങ്ങിൽ ക്ലാസ് തിരിച്ച് വിഷയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ അക്കാദമികം ,സാമൂഹികം എന്നിങ്ങനെ തിരിച്ച് കാർഡ് രൂപപ്പെടുത്തൽ .
- കാർഡ് രൂപ രേഖ SRG ,PTA ,SDC ,SMC, ജനപ്രതിനിധികൾ ,അഭ്യുദയകാംഷികൾ തുടങ്ങിയവരുടെ യോഗത്തിൽ അവതരിപ്പിക്കൽ ,ഉയർന്നു വരുന്ന നിർദേശങ്ങൾ കൂട്ടിച്ചേർക്കൽ .
- PTA യുടെ നേതൃത്വത്തിൽ രൂപ രേഖ തയ്യാറാക്കൽ .

# ഭാഷ

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി. | SMC |
| | 2) അമ്മ പറയട്ടെ അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG മദർ പി.ടി.എ. | മദർ പി.ടി.എ. |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>2) ലഘുപതിപ്പുകൾ തയ്യാറാക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി. ടി. എ<br>സ്റ്റാഫ്. | ടങഇ<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയുണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- **III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ<br>SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ<br>ഡിസംബർ | അദ്ധ്യാപകർ<br>SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ<br>ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല<br>SMC<br>SRG | ക്ലബ്ബ്<br>SMC<br>SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ<br>സാഹിത്യ ക്ലബ്ബ് | വായനശാല |

## മലയാള ഭാഷ (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന തുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യു മെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസ രണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണ ങ്ങൾ പരിചയപ്പെ ടൽ | ഭക്ഷ്യമേള - പാചക കുറിപ്പട ങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാ രുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാ ഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസ രണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കല യുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമ യങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠന ത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസ ത്തോടെ അവതരി പ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരി ക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# പരിസര പഠനം

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീല ങ്ങളും. ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപ യോഗിച്ചുള്ള പാച കവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറി യുന്നതിനും ആസ്വദിക്കുന്ന തിനും | പുഷ്പോദ്യാനം, ഔഷ ധത്തോട്ടം. ചുറ്റുവട്ട ത്താകെ | ഡിസംബർ ജനുവരി | SRG SMC | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - II.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക്. കാണാക്കാഴ്ചകൾ - ഇഉ | സപ്തംബർ ഡിസംബർ | ടീച്ചേർസ് SRG SMC | |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്. നമുക്കും കർഷകരാകാം | ജനുവരി | SRG SMC നാട്ടുകാർ | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശഭ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# ഗണിതം

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ | ജൂൺ - മാർച്ച് | SRG | SSA |
| | 2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ് | സപ്തംബർ | ക്ലാസ് ടീച്ചർ | |
| | 3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പ ശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | SSA<br>Staff<br>SMC |

## ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| **കളിക്കാം..ഗണിക്കാം .** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

## ENGLISH

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം<br><br>ജിഴഹശവെ ററ്യ ജിഴഹശവെ മലൈായഹ്യ. | മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk…… പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ജ൦അ | S S അ<br>S ങ ഇ |
| വായന - ആശയ മറിഞ്ഞും ഒഴു ക്കോടെയും | വാർത്താവായനാ മത്സരം സംഘടി പ്പിക്കൽ | മാസത്തിൽ ഒന്ന് | ഠലമരവല്യ | ടമേളള |
| | വായനാക്യാമ്പു കൾ | 3 മാസത്തിൽ ഒന്ന് | S S അ | S S അ |
| | ബാല പ്രസിദ്ധീ കരണങ്ങളുടെ വായന | ജൂൺ - മാർച്ച് | ഇഹമൈ ഠലമരവല്യ | S ങ ഇ |

## English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | SMC |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| **ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ)** | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒങ<br>ഇഹാമൈ<br>ഠലമരവല്യ<br>ടങ്ങഇ<br>ഇഹാമൈ ജ്ഠഅ | ജ്ഠഅ ഉൗിറ<br>ടങ്ങഇ |

മേഖല - അക്കാദമികം

ഉപമേഖല - അറബിക്

## ക്ലാസ് - I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | - അക്ഷരവായന<br>- ക്ലാസ് വായന<br>- ലൈബ്രറി വായന<br>- ചിത്ര വായന<br>- മാഗസിൻ വായന<br>- വീടുവായന<br>- കഥാ വായന<br>- വായനാമത്സരങ്ങൾ<br>- മോണിറ്ററിംഗ്<br>- വാക്യങ്ങൾ ഉറപ്പിക്കൽ<br>- വ്യാകരണങ്ങൾ<br>- ഇ-വായന | I- II<br>I- II<br>III- IV<br>I- IV<br>III- IV<br>I- IV<br>III- IV<br>II- III-IV<br>I- IV<br>III- IV<br>I- IV | ജൂൺ-ജൂലൈ<br>ജൂൺ-ഫെബ്രു വരി<br>നവംബർ- ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | -ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>- ലാംഗ്വേജ് ഗെയിംസ്<br>- റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- കാർട്ടൂൺ<br>- പ്രദർശനം<br>- പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>- ഡ്രാമാറ്റൈസേഷൻ | I- IV<br>I- IV<br>I- IV<br>III- IV<br>I- IV | ജൂലൈ -മാർച്ച്<br>ജൂലൈ -മാർച്ച്<br>ആഗസ്റ്റ്- ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- കൂട്ടി എഴുത്ത്<br>- അക്ഷരക്കാർഡ് നിർമ്മാണം<br>- കൈയ്യെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമ്മാണം<br>- ചാർട്ടെഴുത്ത്<br>- ചിത്രകഥ നിർമ്മിക്കൽ<br><br>Translation.<br>-Malayalam to Arabic<br>-Arabic to Malayalam<br>Arabic to English<br>-English to Arabic | III- IV<br>I- II<br>I- II<br>I- II<br>I- II<br>I- II<br>III- IV<br>III- IV<br>II- III-IV<br>II- III-IV<br>I- IV | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ഡിസംബർ<br>സപ്തംബർ - മാർച്ച്<br>ഒക്ടോബർ<br>ഫെബ്രുവരി<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം **വളർത്തുക വഴി** പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| **4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം** നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവ സമാഹരണം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | - |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

www.apluseducare.blogspot.com or Whatsapp 9746544422

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങ... ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുകയും ചെയ്യുക. | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | മൂന്ന് മാസം | പുസ്തകങ്ങൾ,<br>കാർഡുകൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർനെറ്റ് സൌകര്യം, വെബ്സൈറ്റുകൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർനെറ്റ് സൌകര്യം, വെബ്സൈറ്റുകൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർനെറ്റ് സൌകര്യം, വെബ്സൈറ്റുകൾ |